# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 9 Issue 6 Jun - Jul 2023



## Doctors Day JULY 1

Celebrating Resilience and Healing Hands.

Content

# ഉള്ളടക്കം


എഡിറ്റോറിയൽ ........ 01

അത്യാധുനിക സൗകര്യങ്ങളോടെ ICU കോംപ്ലക്സ് ........ 04

ഡോക്ടേഴ്സ് ദിനാചരണം ........ 05

മുഖം മിനുക്കി ജൂബിലി ആയുർവേദ ........ 07

രക്തം നൽകി ജീവൻ നൽകാം.. ........ 09

JUBILEE CSSD ഡിപ്പാർട്ട്മെന്റിന് CAHO അംഗീകാരം ........ 12

ജീവിതമാകട്ടെ ലഹരി ........ 13

അമർത്യ കലോത്സവം ........ 14

BRAIN ATTACK ........ 15

സൗജന്യ മെഡിക്കൽ ക്യാമ്പ് ........ 18

ജേർണൽ ക്ലബ്ബ് ........ 20

ഇൻഗ്രേറ്റീവ് മെഡിസിനിൽ ശാസ്ത്ര സംഭാഷണം ........ 21

ഗവേഷക സംഗമം (CRIST) ........ 22

കരിയർ തിരഞ്ഞെടുക്കാൻ അഭിരുചി 2023 ........ 25

WELCOME TO JUBILEE FAMILY ........ 26

JUBILEE = സ്നേഹം സേവനം സൗഹൃദം ശ്രദ്ധ പരിചരണം ... 27

മഴക്കാലം പ്രകൃതിസൃഷ്ടിക്ക് അതിജീവനത്തിന് ........ 28



# കയ്യും മെയ്യും മറന്ന് ജീവൻ സംരക്ഷിക്കുന്നവർ

ജൂൺ മാസം കാലവർഷം ആരംഭിക്കുന്ന മാസമാണ്. എന്നാൽ പെയ്തിറങ്ങാൻ മടി കാണിച്ച്, ഭൂമിയെ കൊതിപ്പിച്ച് മഴമേഘങ്ങൾ കടന്നുപോയപ്പോൾ, പുത്തനുടുപ്പിട്ട് വർണ്ണക്കുടകളേന്തി മഴവെള്ളം തെറിപ്പിച്ച് കടന്നുപോകുന്ന കുരുന്നുകളുടെ കാഴ്ച പഴങ്കഥയായി മാറി. എങ്കിലും തിരുഹൃദയതണലിൽ ആശ്വാസം തേടിയെത്തിയവർക്കെല്ലാം അനുഗ്രഹത്തിന്റെ പെരുമഴക്കാലം സമ്മാനിക്കാൻ ജൂൺമാസത്തിനു കഴിഞ്ഞു.

ജീവൻ സംരക്ഷിക്കുന്നതിനുള്ള വരം ഈശ്വരനിൽ നിന്ന് നെഞ്ചിലേറ്റുവാങ്ങി, കയ്യും മെയ്യും മറന്ന് അദ്ധ്വാനിക്കുന്ന പ്രിയ ഡോക്ടേഴ്സിന്, ഡോക്ടർമാരുടെ ദിനത്തിന്റെ മനോഹരമായ സമ്മാനമായി 'ഡോക്ടേഴ്സ് ലോഞ്ച്' സമർപ്പിച്ചുകൊണ്ട് ജൂലായ്മാസം വിരുന്നെത്തി.

ഗുരുവിന്റെ ചങ്കിലെ മുറിവിൽ തൊട്ട് ആ ചൂടും തുടിപ്പും ഹൃദയത്തിലേറ്റുവാങ്ങി, ഭാരതത്തിൽ വിശ്വാസത്തിന്റെ ദീപ ശിഖ കൊളുത്തിയ മാർ തോമ്മാശ്ലീഹായെ ജൂലായ് മാസത്തിൽ മറക്കാൻ സാധിക്കില്ല. ഈ ഗുരു-ശിഷ്യ ബന്ധത്തിൽ ഒരു കൊടു ക്കൽ - വാങ്ങലിന്റെ ബാർട്ടർ സിസ്റ്റം വെളിവാക്കപ്പെടുന്നുണ്ട്. തമ്പുരാനിൽനിന്ന് നെഞ്ചിലെ ചോരയുടെ ചൂടും ചങ്കിലെ മിടി പ്പും ഏറ്റുവാങ്ങിയ മാർതോമാശ്ലീഹാ തന്റെ ജീവനും ജീവിതവും അവനുവേണ്ടി സമർപ്പിച്ചുകൊണ്ട് തിരികെ നൽകുന്നുണ്ട്. സ് നേഹത്തിന്റെ എത്ര ഉദാത്തമായ കൊടുക്കൽ വാങ്ങലുകൾ !!!

ജൂബിലി ഒരു കുടുംബമാണ്. നമ്മുടെ കുടുംബത്തിലും ഇത്തരത്തിലുള്ള 'Give and Take' പോളിസികൾ നമ്മൾ കാണാ റുണ്ട്. ഉത്കൃഷ്ടമായ കൊടുക്കൽ - വാങ്ങലുകൾക്ക് പലപ്പോഴും



സാക്ഷ്യം വഹിക്കാനിടയായിട്ടുണ്ട്. 'ആ ഡോക്ടറോട് ഒന്ന് സംസാരിച്ചാൽ മതി പാതി അസുഖം അപ്പോ മാറും' എന്ന് നമ്മുടെ ഒരു ഡോക്ടറെക്കുറിച്ച് പറയുമ്പോൾ, ആ ഡോക്ടർ ചെയ്ത ആത്മാർത്ഥ സേവനത്തിന് ലഭിക്കുന്ന ഉള്ളറിഞ്ഞ പ്രതിഫലമാണത്. 'എന്റെ മകളുപോലും ഇതുപോലെ എന്നെ നോക്കിയിട്ടില്ലെന്ന്' നമ്മുടെ സ്റ്റാഫ് നഴ്സിനെക്കുറിച്ച് പറയു മ്പോൾ നഴ്സ് നൽകിയ ശുശ്രൂഷയ്ക്ക് ലഭിക്കുന്ന ഏറ്റവും മഹ ത്തായ സമ്മാനമായേ എനിക്കതിനെ കാണാൻ കഴിയുകയുള്ളൂ.

'പുഞ്ചിരിക്കുന്ന മുഖത്തോടെ ആവശ്യമുള്ളതെന്തെന്ന് ചോദിച്ചറിഞ്ഞ് സ്നേഹത്തോടെ ഭക്ഷണം വിളമ്പുമ്പോൾതന്നെ വയറു നിറയും'. എന്ന് കാന്റീനിലെ ചേച്ചിമാരെക്കുറിച്ചു പറയുമ്പോൾ അത് അവരുടെ സ്നേഹപരിചരണത്തിന് കിട്ടുന്ന പകരം വെയ്ക്കാനില്ലാത്ത പ്രതിഫലമാണ്. ഇങ്ങനെയിങ്ങനെ ജൂബിലി കുടുംബത്തിലുള്ളവരെ ഓരോരുത്തരെയും പറ്റി കേൾക്കുന്ന നല്ല കാര്യങ്ങൾ നമ്മുടെ കുടുംബത്തിന്റെ അന്തസ്സ് കൂട്ടുന്നുണ്ട്; അവ നമ്മുടെ കുടുംബത്തിന്റെ മൂലധനമായി മാറുന്നുണ്ട്.



കൊടുത്താലേ തിരികെ ലഭിക്കുകയുള്ളൂ. കൊടുക്കുന്നവന് നിറച്ചളന്ന് തിരികെ തരുമെന്ന ഗുരുവചനം മറക്കാതിരിക്കാം. ആയതിനാൽ നമുക്കും കൊടുക്കാം. നമ്മുടെ മുമ്പിൽ വരുന്നവരെ സ്നേഹത്തോടെ സ്വീകരിക്കാനായാൽ ഞാനും സ്വീകരിക്കപ്പെടും. അവരെ നോക്കി ഒന്നു പുഞ്ചിരിക്കാനായാൽ ഞാനും പരിഗണിക്കപ്പെടും. നല്ല ഒരു വാക്ക്, കരുണയോടെയുള്ള ഒരു നോട്ടം, ഒരു സ്നേഹപുഞ്ചിരി അതുമതി എന്നെ കണ്ടുമുട്ടുന്നവരുടെ മനം നിറയാൻ. അപ്പോൾ നിറഞ്ഞ മനസ്സോടെ നമുക്കും ഇതെല്ലാം തിരികെ ലഭിക്കും.

ഓർക്കുക, ''മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ'' (മത്തായി 7:12). ഇതാകട്ടെ നമ്മുടെ ജൂബിലി കുടുംബത്തിന്റെ സുവർണ്ണ നിയമം.

**– ഫാ. തോമസ് പൂപ്പാടി,** അസിസ്റ്റന്റ് ഡയറക്ടർ



# അത്യാധുനിക സൗകര്യങ്ങളോടെ ഐ.സി.യു. കോംപ്ലക്സ്



ഡോക്ടേഴ്സ് ദിനത്തിൽ ജൂബിലിയിൽ പുതിയ ഓപ്പറേഷൻ തിയ്യറ്റർ – ഐ. സി. യു. കോംപ്ലക്സിന്റെയും ഡോക്ടേഴ്സ് ലോഞ്ചിന്റെയും ഉദ്ഘാടനം ഗുരു ഗോബിന്ദ് സിങ്ങ് ഇന്ദ്ര പ്രസ്ഥം യൂണിവേഴ്സിറ്റി വൈസ് ചാൻസിലറും എൻ. എ. ബി. എച്ച്. ചെയർമാനുമായ പത്മശ്രീ ഡോ. മഹേഷ് വർമ്മ നിർവ്വഹിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. അത്യാഹിതവിഭാഗം, റേഡിയോളജി, റിക്കവറി ഐ. സി. യു. എന്നിവ പ്രസ്തുത കോംപ്ലക്സുമായി ബന്ധിപ്പിക്കുന്ന 'എലവേറ്റഡ് കോറിഡോർ' ഉദ്ഘാടനവും നിർവ്വഹിച്ചു. യഥാസമയം രോഗിയുടെ വിവരങ്ങൾ അറിയാവുന്ന അത്യാധുനിക സംവിധാനമായ തിയ്യറ്റർ മാനേജ്മെന്റ് സിസ്റ്റം അടങ്ങിയ തിയ്യറ്ററും ഐ. സി. യു. വും എൻ. എ. ബി. എച്ച്. നിഷ്കർഷിക്കുന്ന മാനദണ്ഡം പാലിച്ചിട്ടാണ് പൂർത്തിയാക്കിയിരിക്കുന്നതെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അറിയിച്ചു. മെഡിക്കൽ വിദ്യാഭ്യാസത്തിന് സഹായിക്കുന്ന 'ഓഡിയോ വിഷൽ' ലാബ് വിദ്യാർത്ഥികൾക്കായി പ്രസ്തുത കോംപ്ലക്സിൽ ഒരുക്കിയിട്ടുണ്ടെന്ന് സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ അറിയിച്ചു.




# ഡോക്ടേഴ്സ് ദിനാചരണം

2023 ജൂലൈ 1-ന് ന്യൂ സി. സി. എം. ഹാളിൽ നടന്ന ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ചുള്ള ജൂബിലിയിലെ ഡോക്ടർമാരുമായുള്ള സംവാദത്തിൽ ഇന്ത്യയിലെ പ്രമുഖ ഡെന്റൽ സർജനും, NABH ചെയർമാനും പത്മശ്രീ അവാർഡ് ജേതാവും മൗലാനാ അസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസസ് പ്രിൻസിപ്പളുമായ ഡോക്ടർ മഹേഷ് വർമ്മ മുഖ്യ അതിഥി ആയിരുന്നു. ജൂബിലിയിലെ എല്ലാ വകുപ്പുമേധാവികളും ഡോക്ടർമാരും മാനേജ്മെന്റ് അംഗങ്ങളും പങ്കെടുത്ത സംവാദം ഏവർക്കും ഉപകാരപ്രദമായി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉപഹാരങ്ങൾ നൽകി വിശിഷ്ടാതിഥികളെ ആദരിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിലും പ്രസ്തുത





പരിപാടിയിൽ സന്നിഹിതനായിരുന്നു. എല്ലാ ഡോക്ടേഴ്സിനെയും പ്രതിനിധീകരിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസിനെ സൗത്ത് ഇന്ത്യൻ ബാങ്ക് പ്രതിനിധികൾ ഉപഹാരം നൽകി ആദരിച്ചു. ചാർട്ടേർഡ് അക്കൗണ്ടന്റ് ദിനം കൂടിയായ ജൂലൈ ഒന്നിന് ജി. എം. അക്കൗണ്ട്സ്, സി. എ. ജീൻ പോളിനെയും തദവസരത്തിൽ ആദരിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോക്ടർ പി. സി. ഗിൽവാസ് എല്ലാവർക്കും നന്ദി അർപ്പിച്ചു.





പുതിയ ഓപ്പറേഷൻ തിയ്യറ്റർ - ഐ. സി. യു. കോംപ്ലക്സ് & ഡോക്ടേഴ്സ് ലോഞ്ച്



# മുഖം മിനുക്കി ജൂബിലി ആയുർവേദ



നവീകരിച്ച ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ നിർവ്വഹിക്കുന്നു.

നവീകരിച്ച ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പ്രസവരക്ഷ ക്ലിനിക്കിന്റെയും ഔദ്യോഗിക ഉദ്ഘാടനം ആദരണീയനായ കേരള ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ജൂൺ 2-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 11-ന് രാമവർമ്മപുരം ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്യാമ്പസിൽ വച്ച് നിർവ്വഹിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈദ്യശാസ്ത്രരംഗത്തെയും സാമൂഹ്യ രാഷ്ട്രീയ തലങ്ങളിലെയും പ്രഗത്ഭ വ്യക്തികൾ പങ്കെടുത്തു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ




ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റൽ സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ ഗവർണർക്ക് മെമന്റോ നൽകി ആദരിച്ചു. ജൂബിലി ഫ്രെട്ടേണിറ്റി ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി സമാഹരിച്ച അഞ്ചു ലക്ഷം രൂപ ജൂബിലി ആയുർവ്വേദ ചീഫ് കൺസൾട്ടന്റ് ഡോ. സി. ഡൊണാറ്റ ജൂബിലി മിഷൻ ആശുപത്രിക്കുവേണ്ടി ഗവർണറുടെ സാന്നിധ്യത്തിൽ ശ്രീ സോളി തോമസിൽനിന്നും ഏറ്റുവാങ്ങി. അന്നേദിവസം ഉച്ചക്ക് 2 മണി മുതൽ 5 മണി വരെ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്നുവിതരണവും ഉണ്ടായിരുന്നു.

Congratulations!

പുഷ്പഗിരി മെഡിക്കൽ കോളേജ് തിരുവല്ലയിൽനിന്ന് കമ്മ്യൂണിറ്റി സൈക്ക്യാട്രിയിൽ മികച്ച ഹൗസ് സർജനുള്ള പ്രൊഫ. കെ. വി. ജേക്കബ് മെറിറ്റ് അവാർഡ് 2023 കരസ്ഥമാക്കിയ 15-ാം ബാച്ച് എം. ബി. ബി. എസ്. വിദ്യാർത്ഥിനി നിരഞ്ജന ഡേവിസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.





# രക്തം നൽകി ജീവൻ നൽകാം...











ജൂൺ 14 ABO രക്തഗ്രൂപ്പ് കണ്ടുപിടിച്ച കാൾ ലാൻഡ്സ്റ്റീനർ എന്ന ശാസ്ത്രജ്ഞന്റെ ജന്മ വാർഷികമാണ് ലോകാരോഗ്യസംഘടനയുടെ ആഹ്വാനപ്രകാരം എല്ലാ വർഷവും ലോകരക്ത ദാതൃദിനമായി ആചരിക്കുന്നത്. രക്തദാനമേഖലയിൽ മുന്നിട്ട് പ്രവർത്തിക്കുന്ന രക്തദാതാക്കളെ അനുസ്മരിക്കുകയും, അഭിനന്ദിക്കുകയും ചെയ്യുന്നതിനൊപ്പം, രക്തദാനത്തിന്റെ ആവശ്യകത, രക്തസുരക്ഷയെക്കുറിച്ചുള്ള അവബോധം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതുമാണ് ഈ ദിനത്തിന്റെ ലക്ഷ്യം. ട്രാൻസ്ഫ്യൂഷൻ മെഡി





സിൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ രക്തദാനം ചെയ്ത രക്തദാതാക്കളായ ന്യൂറോളജി ഡിപ്പാർട്ട്മെന്റ് പ്രൊഫസർ ഡോ. ഫിജു ചാക്കോ, മെഡിക്കൽ ഓങ്കോളജി ഡോ. ദീപക് മുരളി, ഡോ. മാഗ്ലിൻ മോണിക്ക ലിസാ ടോമി (ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ജൂനിയർ റെസിഡന്റ്), ജെയിംസ് എഫ്. കല്ലേലി (എം. ബി. ബി. എസ്. സ്റ്റുഡന്റ്), സെബിൻ സെബാസ്റ്റ്യൻ (എം. ആർ. ഐ. സ്റ്റാഫ്) എന്നിവരെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉപഹാരം നൽകി ആദരിച്ചു. ലോക രക്തദാതൃദിനത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളായ കഥാരചന (മലയാളം, ഇംഗ്ലീഷ്), കവിതാരചന (മലയാളം, ഇംഗ്ലീഷ്), ബോട്ടിൽ ആർട്ട്, റീൽസ് മെയ്ക്കിങ്ങ്, പി. ജി. ക്വിസ് മുതലായവയിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. രക്തദാനത്തിന്റെ ആവശ്യകതയെപ്പറ്റി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. സിന്റോ കാരേപ്പറമ്പൻ, ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ എന്നിവർ സംസാരിച്ചു. മലയാളത്തിലുള്ള കഥാരചനയിൽ ജീവ ജ്യോതിസ് (എം. ബി. ബി. എസ്. സ്റ്റുഡന്റ്) ഒന്നാം സ്ഥാനവും, ലിമമോൾ കെ.


















ലിംസൺ (സെൻട്രൽ പർച്ചേസ് സ്റ്റാഫ്) രണ്ടാം സ്ഥാനവും, ഇംഗ്ലീഷിലുള്ള കഥാരചനയിൽ നെവിൻ സാലു (എം. ബി. ബി. എസ്. സ്റ്റുഡന്റ്) ഒന്നാം സ്ഥാനവും, റോഷ്മ ജെയ്സൻ (ജി. എൻ. എം. സ്റ്റുഡന്റ്) രണ്ടാം സ്ഥാനവും, മലയാളത്തിലുള്ള കവിതാരചനയിൽ ബബിത സന്തോഷ് (ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ) ഒന്നാം സ്ഥാനവും, അഭിരാമി എസ്. (തേർഡ് ഇയർ ബി. എസ്. സി. നഴ്സിംഗ്) രണ്ടാം സ്ഥാനവും, ഇംഗ്ലീഷിലുള്ള കവിതാരചനയിൽ സ്നേഹ വർഗ്ഗീസ് (നേഴ്സിംഗ്) ഒന്നാം സ്ഥാനവും, അനഘ സന്തോഷ് (ഫസ്റ്റ് ഇയർ ജി. എൻ. എം.) രണ്ടാം സ്ഥാനവും, ബോട്ടിൽ ആർട്ടിൽ അഞ്ജു (ജി. എൻ. എം.) ഒന്നാം സ്ഥാനവും, ഡോ. നമിത (പി. ജി., സർജറി) രണ്ടാം സ്ഥാനവും, റീൽസ് മേക്കിംങ്ങിൽ ഹാരിസ് റോയ് ഒന്നാം സ്ഥാനവും, പി. ജി. ക്വിസിൽ - ഡോ. തസ്നിം (ഒ. ബി. ജി. ജെ. ആർ.) ഒന്നാം സ്ഥാനവും കരസ്ഥമാക്കി.

രക്തദാനബോധവത്കരണാർത്ഥം ട്രാൻസ്ഫ്യൂഷൻ മെഡിസിൻ & സെൻട്രൽ ലാബ് സ്റ്റാഫ് പങ്കെടുത്തുള്ള ഹ്രസ്വനാടകവും അരങ്ങേറി.












# JUBILEE CSSD ഡിപ്പാർട്ട്മെന്റിന് CAHO അംഗീകാരം

ഇന്ത്യയിലെ ലാർജ് ഹെൽത്ത് കെയർ ഓർഗനൈസേഷൻ കാറ്റഗറിയിൽ ജൂബിലി മിഷൻ സി. എസ്. എസ്. ഡി. ഡിപ്പാർട്ട്മെന്റിന് CAHO (കൺസോർഷ്യം ഓഫ് അക്രെഡിറ്റഡ് ഹെൽത്ത് കെയർ ഓർഗനൈസേഷൻ) അവയർനെസ്സ്, കംപ്ലയൻസ്, എക്സലൻസ് അവാർഡ് ആണ് കിട്ടിയത്. ജൂൺ ഇരുപത്തി ഒന്നാം തീയതി ന്യൂ സി. സി. എം. ഹാളിൽ നടന്ന അവാർഡ്ദാന ചടങ്ങിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. തോമസ് പൂപ്പാടി, ഫാ. സിന്റോ ഡേവിസ് കാരേപറമ്പൻ, ഫാ. ഷിജോ മാപ്രാണത്തുകാരൻ, ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ, ജൂബിലി മിഷൻ ഫിനാൻസ് അസിസ്റ്റന്റ് ഫാ. ജിജോ മാളിയേക്കൽ, ജൂബിലി മിഷൻ ഹോസ്പിറ്റൽ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, സി. എസ്. എസ്. ഡി. ഇൻചാർജ് എൽജോ ആന്റണി, മൈക്രോബയോളജി വിഭാഗം മേധാവി ഡോ. ചിത്ര എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് സി. എസ്. എസ്. ഡി. എല്ലാ സ്റ്റാഫുകൾക്കും മെമന്റോയും സർട്ടിഫിക്കറ്റും കൊടുത്ത് ആദരിച്ചു.






ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോട് അനുബന്ധിച്ച് ജൂൺ 26-ന് ന്യൂ സി. സി. എം. ഹാളിൽ ലഹരി ഉപയോഗത്തിന്റെ അപകടങ്ങളെക്കുറിച്ച് സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിയുടെ ഉദ്ഘാടനം ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നിർവ്വഹിച്ചു. സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ. നീതി വത്സൻ, ഫോറൻസിക് വിഭാഗം പ്രൊഫസർ ഡോ. പത്മകുമാർ കെ., ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ്, പ്രൊഫസർ എമരിറ്റസ് സൈക്യാട്രി വിഭാഗം ഡോ. ജെയിംസ് ടി. ആന്റണി, സൈക്യാട്രി അസിസ്റ്റന്റ് പ്രൊഫസർ ഡോ. മേനോൻ ഗിരീഷ് ശ്രീകുമാർ എന്നിവർ സംസാരിച്ചു. ലഹരി ഉപയോഗത്തിന്റെ കാരണങ്ങളെക്കുറിച്ചും അനന്തരഫലങ്ങളെക്കുറിച്ചും സൈക്യാട്രി അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജോമി ജി. ചക്കാലക്കുടി ബോധവത്കരണ ക്ലാസ് നടത്തി. തുടർന്ന് ലഹരി ഉപയോഗം തടയുക എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ഉപന്യാസ മത്സരത്തിൽ ജീവ ജ്യോതി, 18-ാം ബാച്ച് എം. ബി. ബി. എസ്. ഒന്നാം സ്ഥാനവും പ്രിൻസി പീറ്റർ, നഴ്സിങ്ങ് ട്യൂട്ടർ, ജൂബിലി മിഷൻ നഴ്സിംഗ് കോളേജ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മന:ശാസ്ത്രത്തെ സംബന്ധിച്ച അവബോധത്തെക്കുറിച്ച് നടത്തിയ ക്വിസിൽ എം. ബി. ബി. എസ്. 15-ാമത് ബാച്ച് വിദ്യാർത്ഥികളായ നിരഞ്ജന ഡേവിസ് ഒന്നാം സ്ഥാനവും അൻസീം രണ്ടാം സ്ഥാനവും കരസ്ഥമാക്കി.






# അമർത്യ കലോത്സവം

അമർത്യ കലോത്സവം ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ജൂൺ 16 മുതൽ 18 വരെ സംഘടിപ്പിച്ചു. പ്രമുഖ നടി ലിയോണ ലിഷോയ് മുഖ്യ അതിഥിയായ ഉദ്ഘാടന ചടങ്ങിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ്, സ്റ്റാഫ് അഡ്വൈസർ ഡോ. ബിജു ബാഹുലേയൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ചെയർപേഴ്സൺ നവനീത് കൃഷ്ണ, ജനറൽ സെക്രട്ടറി അമൽ മേരി സെബാസ്റ്റ്യൻ, ആർട്സ് സെക്രട്ടറി ജസ്സൽ മാത്യു, വൈസ് ആർട്സ് സെക്രട്ടറി നിഖിയ ബൈജു എന്നിവർ പങ്കെടുത്തു. വിവിധ മത്സരയിനങ്ങളിൽ വാശിയേറിയ പോരാട്ടത്തിനൊടുവിൽ 2019 ബാച്ച് 'KNIGHTS' വിജയികളായി. 2020 ബാച്ച് 'MARSHALLS' ഫസ്റ്റ് റണ്ണർ അപ്പ് ആയി.






# CODE 7: ACUTE STROKE CLOT-BUSTER IN ACUTE BRAIN ATTACK

Stroke, a leading cause of mortality and morbidity, has witnessed an increase in incidence, which is of concern particularly among younger individuals, with one in four persons suffering from stroke.




The approval of tissue plasminogen activator (tPA) for stroke thrombolysis three decades ago marked a pivotal moment, challenging the prevailing nihilism in stroke management. In contrast to thrombolysis for heart attack, stroke thrombolysis poses unique challenges. We require a CT scan of the brain for stroke thrombolysis. Costlier drug, shorter window and

availability of CT were constraints in acceptance of stroke thrombolysis. Moreover, concerns regarding the risk of bleeding have overshadowed the potential benefits among referring physicians.

Jubilee Mission have one of the highest stroke thrombolysis in the country, going by the usage of the thrombolytic drug. We have over 2000 thrombolysis in the last twenty years enabling over 800 individuals to regain their independence.




Door-to-needle time is the most important predictor of successful thrombolysis. It is the result of team work of Departments of Emergency medicine, Radiology and neurology, working round the clock, even during weekends, like well-oiled machinery. Rigorous protocols have been implemented. We could reduce the DNT (door-to-needle time) by periodic introspections of the concerned teams:

1) When a suspected stroke patient arrives within window period of 4.5 hours, an acute stroke alarm (code 7) is activated, and the patient is immediately transferred to the CT console with only a glucometer test.




2) Neuro-ICU nurses and senior resident Neurology going to the CT console administer the drug there significantly reducing treatment delays in transport.

As protocol, we get the CT-angiogram done enabling the identification of large vessel occlusions. Patients with such occlusions are promptly transferred to the stroke cath lab for mechanical thrombectomy. For the past five years, Jubilee Mission Medical College & Research Institute has provided round-the-clock interventional stroke neurology services, further enhancing the prospects of successful treatment.

Time is brain. This statement encapsulates the urgency in stroke management. With each minute of delayed thrombolysis, approximately twenty lakh more brain cells perish, potentially differentiating between a life of immobility and one of ambulation. Recognizing the criticality of time, Jubilee Mission Medical College ensures prompt initiation of treatment, significantly reducing the risk of permanent brain damage.

**Dr. Fiju Chacko,** Professor, Neurology



# സൗജന്യ മെഡിക്കൽ ക്യാമ്പ്

2023 ജൂൺ 4-ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ പള്ളിപ്പുറം പയങ്കൽ സധ്യാലയത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒഫ്താൽമോളജി, ഇ. എൻ. ടി., ശിശുരോഗ, വൈദ്യ വിഭാഗങ്ങളുടെ നേതൃത്വത്തിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. പാറളം മെഡിക്കൽ ഓഫീസർ ഇൻചാർജ് ഡോ. സന്തോഷ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സാന്ത്വനം കൂട്ടായ്മാ അംഗം കെ. എൻ. മനോഹരൻ ക്യാമ്പ് ടീമിനെ സ്വാഗതം ചെയ്തു. 20 രോഗികളെ വിശദമായ പരിശോധനയ്ക്കായി ജൂബിലി മിഷൻ ആശുപത്രിയിലേക്ക് റഫർ ചെയ്തു. തിമിര ശസ്ത്രക്രിയയ്ക്കായി 15 രോഗികളെ താൽക്കാലികമായി തിരഞ്ഞെടുത്തു. അർഹരായ രോഗികൾക്ക് നീതി മെഡിക്കൽസ് സൗജന്യ മരുന്നുകൾ നൽകി.





# സൗജന്യ മെഡിക്കൽ ക്യാമ്പ്

പറവട്ടാനി വിമലനാഥ പള്ളിയിൽ സെന്റ് ആന്റണിയുടെ തിരുനാളിനോടനുബന്ധിച്ച് 2023 ജൂൺ 11-ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഒഫ്താൽമോളജി, ഇ. എൻ. ടി., പീഡിയാട്രിക്സ്, മെഡിസിൻ എന്നിവയുടെ നേതൃത്വത്തിൽ സൗജന്യ ക്യാമ്പ് നടത്തി. റവ. ഫാ. ഡോ. റോയ് മൂക്കൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തൃശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എം. എൽ. റോസി ക്യാമ്പ് ടീമിനെ സ്വാഗതം ചെയ്തു. 122 രോഗികളെ ക്യാമ്പിൽ പരിശോധിച്ചു. 25 രോഗികളെ വിശദമായ പരിശോധനയ്ക്കായി ജൂബിലി ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തു. തിമിര ശസ്ത്രക്രിയയ്ക്കായി 7 രോഗികളെ താൽക്കാലികമായി തിരഞ്ഞെടുത്തു.



JOURNAL CLUB





RESEARCH WINGS

# ജേർണൽ ക്ലബ്





JCMRന്റെ ആഭിമുഖ്യത്തിൽ 61-ാമത് ജേർണൽ ക്ലബ് ജൂൺ 21-ാം തീയതി ബുധനാഴ്ച ന്യൂ സി. സി. എം. ഹാളിൽ നടത്തി. ഫിസിയോളജി വിഭാഗം അസി. പ്രൊഫസർ ഡോ. റോസ് ബാബു ആയിരുന്നു പ്രഭാഷക.

ഒബിസിറ്റി ജേർണൽ 2023, 31-ാം വോള്യത്തിൽ പ്രസിദ്ധീകരിച്ച പഠനമായിരുന്നു അവതരണവിഷയം. ശരീരഭാരം കുറയ്ക്കാൻ പ്രഭാതത്തിലെ വ്യായാമമാണോ വൈകുന്നേരത്തെ വ്യായാമമാണോ മികച്ചത് എന്നുള്ളതായിരുന്നു പഠനം. പ്രഭാതത്തിലോ സായാഹ്നത്തിലോ വ്യായാമം ചെയ്യുക എന്നത് ശരീര ഭാരം കുറയ്ക്കുന്നതിനെ സ്വാധീനിക്കുന്നില്ല എന്ന് ഈ പഠനം കണ്ടെത്തി.

തുടർന്നുള്ള ചർച്ചയിൽ ഈ പഠനത്തിൽ പങ്കെടുത്ത വ്യക്തികളുടെ ഗ്രൂപ്പ് പഠനമാതൃകകളെക്കുറിച്ച് ഫാർമക്കോളജി പ്രൊഫസർ ഡോ. എം. ഐ. എൽസിയും ശരീരഭാരം നിയന്ത്രിക്കുന്നതിൽ സിർക്കാർഡിയം റിഥത്തിന്റെ ബന്ധത്തെപ്പറ്റി ജൂബിലി റിസർച്ച് സയന്റിസ്റ്റ് ഡോ. ദിലീപ് വിജയനും പ്രതിപാദിച്ചു. തുടർന്നുള്ള ചർച്ചയിൽ ഡോ. സി. വി. ആൻഡ്രൂസ്, ഡെർമറ്റോളജി അസി. പ്രൊഫസർ ഡോ. വർഗ്ഗീസ് ജയിംസ് തുടങ്ങിയവർ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.




# ഇന്റഗ്രേറ്റീവ് മെഡിസിനിൽ ശാസ്ത്ര സംഭാഷണം

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച്, ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, വൈദ്യരത്നം ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ സംയുക്തമായി നടത്തിവരുന്ന ആയുർവ്വേദ സംവാദ പരമ്പരയായ 'Talks on Integrative Medicine, A lead ahead' ലെ രണ്ടാമത്തെ പ്രഭാഷണം 2023 ജൂൺ 27-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2-ന് ജൂബിലി മിഷൻ ഹോസ്പിറ്റലിലെ ന്യൂ സി. സി. എം. ഹാളിൽ വെച്ച് സംഘടിപ്പിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ബയോടെക്നോളജി ആന്റ് മൈക്രോബയോളജി ഡിപ്പാർട്ട്മെന്റിലെ എമിരിറ്റസ് പ്രൊഫസർ ഡോ. എം. ഹരിദാസ് ആയിരുന്നു മുഖ്യപ്രഭാഷകൻ. ഘടനാപരമായ ജീവശാസ്ത്ര രീതികൾക്ക് പരമ്പരാഗത വൈദ്യശാസ്ത്രത്തിനും തെളിവുകൾ നൽകാൻ കഴിയും എന്ന് അദ്ദേഹം വളരെ പ്രഗത്ഭമായി ഇവിടെ വിശദീകരിച്ചു. അമ്പത്തഞ്ചോളം പേർ പങ്കെടുത്ത പ്രസ്തുത പരിപാടിയിൽ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിലെ ഡോ. ദിലീപ് വിജയൻ സ്വാഗതം ആശംസിക്കുകയും ഡോ. മാത്യു ജോൺ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ മുഖ്യപ്രഭാഷകന് ഉപഹാരം നല്കി.




# പുത്തൻ ഉണർവ് നൽകാൻ

# ഗവേഷക സംഗമം [CRIST]

വൈദ്യശാസ്ത്ര ഗവേഷണ രംഗത്ത് പുത്തൻ ഉണർവ് നൽകാനായി വിവിധ ശാഖകളിൽ ഗവേഷകരായവർ ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഒത്തുചേർന്നു. CRIST ( Collaborative Research Initiative on Science & Technology) എന്ന് പേരിട്ട ശാസ്ത്ര സമ്മേളനത്തിൽ കേരളത്തിലെ നാല് യൂണിവേഴ്സിറ്റികളിൽനിന്നും ഒമ്പത് ഗവേഷണ സ്ഥാപനങ്ങളിൽനിന്നും കേരളത്തിനകത്തും പുറത്തും നിന്നുമായി നാല് കോളേജുകളിൽനിന്നുമുള്ള ഗവേഷകരാണ് പങ്കെടുത്തത്.

പതിനഞ്ചു ശാസ്ത്രജ്ഞർ തങ്ങളുടെ വ്യത്യസ്തങ്ങളായ ഗവേഷണ മേഖലയും അതതു സ്ഥലങ്ങളിൽ ലഭ്യമായ സൗകര്യങ്ങളെക്കുറിച്ചും പ്രതിപാദിച്ചു. പന്ത്രണ്ടു ഗവേഷക വിദ്യാർത്ഥികൾ പോസ്റ്റർ വഴി തങ്ങളുടെ ഗവേഷണ മേഖല വിവരിച്ചു. തിരുവനന്തപുരം വൈറോളജി കേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ഡോ. റൂബി ജോൺ ആന്റോ മുഖ്യപ്രഭാഷണം നടത്തി. ജൂബിലി ഗവേഷണ കേന്ദ്രത്തിലെ റിസർച്ച് സയന്റിസ്റ്റ് ഡോ. ദിലീപ് വിജയൻ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ, ജൂബിലി സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ എന്നിവർ സംസാരിച്ചു.



സംഗമത്തിൽ പങ്കെടുത്ത ഗവേഷകർ സംയുക്ത പദ്ധതികൾക്കുള്ള ഉഭയകക്ഷി ചർച്ചകൾ തുടങ്ങിവെച്ചു. ജൂബിലിയിലെ റിസർച്ച് സയന്റിസ്റ്റ് ഡോ. രവീന്ദ്രൻ അങ്കത്തിൽ പുതിയ ഗവേഷണ പദ്ധതികൾ സംയുക്തമായി ഏറ്റെടുക്കുന്നതിന്റെ സാധ്യതകൾ വിവരിച്ചു. ഡോ. ബിനു രാമചന്ദ്രൻ (കാലിക്കറ്റ് യൂണിവേഴ്സിറ്റി), ഡോ. ദിലീപ് ഫ്രാൻസിസ് (ക്രിസ്തുജയന്തി കോളേജ്, ബാംഗളൂർ) തുടങ്ങിയവർ തുടർപ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. ജൂബിലി റിസർച്ച് സയന്റിസ്റ്റ് ഡോ. അലക്സ് ജോർജ് നന്ദി പറഞ്ഞു. പ്രസ്തുത സംഗമത്തിൽ സംഘടിപ്പിച്ച പോസ്റ്റർ അവതരണത്തിൽ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിലെ ഗവേഷക വിദ്യാർത്ഥിനി ഹാഫിസയ്ക്ക് ഒന്നാം സമ്മാനം ലഭിച്ചു.

## ജൂബിലിയെ തിരുഹൃദയതണലിൽ പ്രതിഷ്ഠിച്ചു







ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂൺ 16-ാം തിയ്യതി തിരുഹൃദയ പ്രതിഷ്ഠയും വെഞ്ചിരിപ്പും നടത്തി.

# യാത്രാമംഗളങ്ങൾ

ഒന്നര വർഷത്തോളമായി ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ പാസ്റ്ററൽ കെയർ ടീം മെമ്പറും സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം ഡയറക്ടറുമായി സേവനമനുഷ്ഠിച്ച ഫാ. ഫ്രാൻസിസ് തലക്കോട്ടൂരിന് ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ!



Thank you

# Happily Retired



9 വർഷത്തോളം റേഡിയോളജി വിഭാഗത്തിൽ പ്രൊഫസർ & എച്ച്. ഒ. ഡി. ആയി നിസ്വാർത്ഥമായി സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത ഡോ. ബാലചന്ദ്രൻ നായർ എം. ആർ.നു ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.



28 വർഷത്തോളം ഒബ്സ്റ്റട്രിക് & ഗൈനക്കോളജി വിഭാഗത്തിൽ നിസ്വാർത്ഥമായി സേവനമനുഷ്ഠിച്ച സി. ആലീസ് കുഴിഞ്ഞാലിന് ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.



22 വർഷത്തോളം ഹൗസ് കീപ്പിങ്ങ് വിഭാഗത്തിൽ നിസ്വാർത്ഥമായി സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത ഗ്രേസി ദേവസ്സിയ്ക്ക് ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.




പത്താം ക്ലാസും പ്ലസ് ടുവും കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിൽ ഏത് വിഷയം, ഏത് മേഖല തിരഞ്ഞെടുക്കണമെന്ന സംശയത്തിന് പരിഹാരമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മന:ശാസ്ത്രവിഭാഗം ‘‘അഭിരുചി 2023’’ എന്ന പദ്ധതി ആരംഭിച്ചു. പലപ്പോഴും കുട്ടികൾ മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങിയും ജോലിസാധ്യത നോക്കിയുമാണ് ഉന്നതപഠനത്തിനുള്ള മേഖലകൾ തിരഞ്ഞെടുക്കുന്നത്. എന്നാൽ അങ്ങനെ ചെയ്തവരിൽ പലരിലും ജീവിതമികവും സംതൃപ്തിയും സന്തോഷവും ഭാവിയിൽ അവരുദ്ദേശിക്കുന്ന ജോലിയിൽനിന്നും കിട്ടാറില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് ജൂബിലി മിഷൻ മന:ശാസ്ത്രവിഭാഗം ‘‘അഭിരുചി – 2023’’ എന്ന പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നത്. മുൻകൂട്ടി ബുക്ക് ചെയ്ത് വരുന്നവർക്ക് എല്ലാ പ്രവൃത്തിദിനങ്ങളിലും അവരവരുടെ അഭിരുചിയറിയാൻ സൗകര്യമൊരുക്കിയിരിക്കുന്നു.

അഭിരുചിയും വ്യക്തിത്വവും താല്പര്യവും ബുദ്ധിശക്തിയുടെ നിലവാരവും മനസ്സിലാക്കി കരിയർ തിരഞ്ഞെടുക്കുവാൻ സഹായിക്കുന്നതിനായുള്ള ടെസ്റ്റുകൾ ജൂബിലി മിഷൻ സൈക്കോളജി വിഭാഗം 4000/- രൂപയുടെ പാക്കേജിലാണ് ചെയ്തുവരുന്നത്.

# Welcome
## TO JUBILEE FAMILY

| | |
|---|---|
| Dr. Bhavana T Jishnu | Microbiology |
| Dr. Lulu Jahan P | Microbiology |
| Dr. Dominic Paul | Neuro Surgery |
| Dr. Jithin Joseph | Nephrology |
| Dr. Guruprasad M | Emergency Medicine |
| Dr. Diya Justin | Surgical Oncology |
| Dr. Jefimol Denny | Emergency Medicine |
| Dr. Aneesh R Chandran | Neuro Surgery |
| Ms. Sini C S | Anaesthesia |
| Ms. Juna Babu | Anaesthesia |
| Ms. Niya Varghese | Nursing |
| Mrs.Navya T C | Nursing |
| Mrs. Sobiya P I | Auxiliary Nursing |
| Mrs. Rosmi K B | Auxiliary Nursing |
| Mrs. Jincy Jose | Auxiliary Nursing |
| Mrs. Shincy Thomas | C S S D |
| Mrs. Prasanthi | Canteen |



**Dr. Binoj Vargheese**
Prof. & HOD,
Radiodiaganosis






എന്റെ പേര് ചിത്രലേഖ ടി. ഡെലിവറിക്കുശേഷം 8 വർഷത്തോളമായി ഞാൻ ഗൈനക്കോളജിയിലെ ഡോ. നീത ജോർജിന്റെ ട്രീറ്റ്മെന്റിലാണ്. ബ്ലീഡിങ്ങിന്റെ പ്രശ്നങ്ങളാൽ ഞാൻ ബുദ്ധിമുട്ടിയിരുന്നു. ഡോ. നീത ജോർജ്ജ്, ഡോക്ടർ എന്നതിൽ പരം വർഷങ്ങളായി ഒരു സുഹൃത്തിനെപോലെ എന്നെ പരിചരിക്കുന്ന ഒരു വ്യക്തിയാണ്. ഏതു സമയത്തും ഏത് ആവശ്യത്തിലും ഡോക്ടറെ എപ്പോൾ വിളിച്ചാലും യാതൊരു മടിയും കൂടാതെ സ്നേഹത്തോടെ ഡോക്ടർ മറുപടി നൽകിയിരുന്നു. ജൂൺ മൂന്നാം തീയതി മുതൽ ആറാം തീയതി വരെ ഞാൻ ജൂബിലി മിഷനിൽ അഡ്മിറ്റ് ആയിരുന്നു. സെന്റ് ജോർജ് വാർഡിലെ നഴ്സുമാരുടെ ശ്രദ്ധയ്ക്കും പരിചരണത്തിനും ഫാർമസി സേവനത്തിനും ഞാൻ ഒരുപാട് ഇഷ്ടപ്പെടുന്ന ഡോ. നീത ജോർജ്ജിനും ഒരായിരം നന്ദി.

ചിത്രലേഖ ടി.

JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE

Together,
We are the
Patient Experience !




മഴക്കാലം വന്നെത്തി... നമ്മുടെ വീട്ടുമുറ്റത്തും പറമ്പിലുമെല്ലാം പുതിയ പുൽനാമ്പുകൾ പച്ചപ്പരവതാനി വിരിച്ചുകഴിഞ്ഞു. നമ്മുടെ ജീവിതത്തിലും ഈ പച്ചപ്പിന്റെ നവോന്മേഷം വേണ്ടേ?

വീടിനകത്തും പുറത്തുമായി നാം ഉപയോഗിച്ച് കളഞ്ഞ പാഴ്വസ്തുക്കൾ കൂടികിടക്കുന്നു. അവയിൽ വെള്ളം കയറി കൊതുകും ഈച്ചയും തങ്ങളുടെ സൃഷ്ടികർമ്മം നടത്തുകയായി. അവ നമ്മെ ആക്രമിച്ച് പകർച്ചവ്യാധികൾക്ക് വഴിയൊരുക്കും. അടിമകളാക്കും! സ്രഷ്ടാവായ ദൈവത്തോടൊപ്പം സൃഷ്ടികർമ്മങ്ങൾക്ക് മാധ്യമങ്ങളാക്കാൻ, ഈ പാഴ്വസ്തുക്കളെ ഉപയോഗിച്ച് ഒരു സൃഷ്ടിസംസ്കാരത്തിലേക്ക് തിരിയാം. എന്താ... റെഡിയാണോ നമുക്കിറങ്ങാം... അവിടവിടെയായി, ഉപയോഗിച്ച് എറിഞ്ഞുകളഞ്ഞ പ്ലാസ്റ്റിക് കുപ്പികൾ കാണുന്നില്ലേ! അവയെല്ലാം പെറുക്കി എടുത്ത് കുപ്പിയുടെ മുക്കാൽ ഭാഗം നീളത്തിൽ രണ്ടിഞ്ച് വീതിയിൽ, കത്തിയോ കത്രികയോ ഉപയോഗിച്ച് പ്ലാസ്റ്റിക് മുറിച്ചുമാറ്റി ഒരു ട്രേയുടെ രൂപത്തിലാക്കുക.

പറമ്പിൽ കിടക്കുന്ന കരിയിലകൾ അര- ഒന്ന് ഇഞ്ച്

തരത്തിൽ കീറിയോ മുറിച്ചോ വയ്ക്കുക. രാത്രി കുറച്ച് വെള്ളം തളിച്ച് അവ കുതിർത്തുവയ്ക്കുക. രാവിലെ നമ്മുടെ ട്രേക ളിൽ അരഭാഗം കരിയില നിറച്ച് ബാക്കി ഭാഗം വെള്ളം തളിച്ച് കുതിർത്ത് നല്ല മണ്ണ് നിറയ്ക്കുക. ഇവയിൽ കടുക്, മല്ലി, ഉലുവ, പുതിന, ഇഞ്ചി, മഞ്ഞൾ എന്നിവ പാകുക. മതിലിനരികിലോ ഹാങ്ങിങ്ങ് ഗാർഡൻ പോലെയോ അനുയോജ്യമായ തരത്തിൽ ചരടുകൊണ്ട് കെട്ടി ഉറപ്പിക്കുക. കൂടാതെ വീട്ടിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന ബക്കറ്റ്, ടിന്നുകൾ, പാത്രങ്ങൾ ഒക്കെ ഇപ്രകാരം ഉപയോഗപ്പെടുത്തി വെണ്ട, പയർ, വഴുതന വിത്തു കളും തുളസി, പനികൂർക്ക, ആടലോടകം തുടങ്ങിയ ഔഷധി കളും മുളക്, ചീര മുതലായവയും നട്ടുപിടിപ്പിക്കാം. എന്താ... നമുക്കാവശ്യമായ പച്ചക്കറികളും ഔഷധികളും നട്ടെടുത്ത് ഒരു നല്ല തോട്ടം സൃഷ്ടിച്ചുകൂടെ...




ഇനി അടുത്ത പ്രശ്നം ഇവയ്ക്ക് എന്തു വളം കൊടുക്കും... ഒരു ചെറിയ ഡ്രം കരുതുക. അതിൽ വീട്ടിലെ അരി കഴുകിയ വെള്ളം, കഞ്ഞിവെള്ളം, ബാക്കിവന്ന ഭക്ഷണസാധനങ്ങൾ, പച്ചക്കറികളുടെ ഉപയോഗശൂന്യമായ ഭാഗങ്ങൾ, മുട്ടത്തോട്, ഉള്ളി ത്തോട്, മത്സ്യമാംസങ്ങൾ കഴുകിയ വെള്ളം എല്ലാം ഡ്രമ്മിൽ ഒഴിച്ച് കുറച്ച് ചാരം കൂട്ടിച്ചേർത്ത് അടച്ചുവയ്ക്കുക. ഒരാഴ്ചയ് ക്കുശേഷം അടപ്പ് തുറന്ന് അവയെ ഇളക്കി കൂട്ടിയോജിപ്പിച്ച് 5 ഇരട്ടി വെള്ളം ചേർത്ത് ചെടികൾക്ക് ഒഴിച്ചുകൊടുക്കുക. ഇവ യുടെ തലപ്പിൽ, 10 ഇരട്ടി വെള്ളം ചേർത്ത് അരിച്ച ദ്രാവകം സ്പ്രേ ചെയ്യാം. അവയ്ക്ക് അനുയോജ്യമായ പോഷകാഹാ രവും കീടനാശിനിയുമാണിത്. ഇപ്രകാരം രാസവളരഹിതമായ ആഹാരം ആരോഗ്യസംരക്ഷണത്തിന് ഉതകുമല്ലോ...

വർഷകാലരോഗങ്ങളായ ജലദോഷം, ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻ ഗുനിയ, മഞ്ഞപ്പിത്തം, അതിസാരം, സന്ധി പേശി രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കാനും അതിജീവിക്കാനും നമ്മുടെ അടുക്കളയിൽ ഉപയോഗിക്കുന്ന മസാലക്കൂട്ടുകളെ എങ്ങനെ ഉപയോഗിക്കാം എന്നുനോക്കാം.

കടുത്ത പനി, ശരീരവേദന, തലവേദന, വയറുവേദന, രക്തസ്രാവം, അതിസാരം ആദിയായ ലക്ഷണങ്ങളോടെ പ്രത്യക്ഷപ്പെടുന്ന ഇത്തരം സാംക്രമികരോഗങ്ങൾ; അശുദ്ധമായ വെള്ളം, സൂര്യതാപം കുറഞ്ഞ അന്തരീക്ഷം, നീരാവി നിറഞ്ഞ വായു ഇവ രോഗാണുക്കളുടെ അമിതമായ പെരുകലിനും ക്ഷുദ്രജീവികളുടെ വളർച്ചയ്ക്കും സഹായകരമാകുന്നു. അത്തരത്തിലുള്ള രോഗാരംഭം നാട്ടിലേക്ക് കടന്നുവരുമ്പോൾ തന്നെ രോഗപ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കണം.

**ധൂപനം**

അന്തരീക്ഷം ശുദ്ധമാകാൻ അപരാജിതധൂമചൂർണ്ണം പുകയ്ക്കുക (ഗുൽഗുലു, കുന്തുരുക്കം, കടുക്, വെളുത്തുള്ളി, ആര്യവേപ്പില, മഞ്ഞൾ)

**കുടിക്കാനുള്ള പാനജലം**

ചുക്ക്, മല്ലി, തുളസിയില, പനികൂർക്കയില, ഏലയ്ക്കാ തുടങ്ങിയ വ്യഞ്ജനങ്ങൾ 15 മിനിറ്റ് തിളപ്പിച്ച ഹെർബൽ ടീ ഉപയോഗിക്കുക.



**ചമ്മന്തി**

ഭക്ഷണത്തിന് രുചി പകരുന്നതിനായി നെല്ലിക്ക, ഇഞ്ചി, പൊതിനയില, ചുവന്നുള്ളി, വെളുത്തുള്ളി, തക്കാളി, കറിവേപ്പില ആദിയായവ ഉൾപ്പെടുത്തി തയ്യാറാക്കുക.

**ഔഷധക്കഞ്ഞി**

കിറ്റുകൾ നമ്മുടെ ആയുർവേദ ഫാർമസിയിൽ ലഭ്യമാണ്. അത്താഴഭക്ഷണം അതുപയോഗിച്ച് തയ്യാറാക്കുക. നല്ല പ്രതിരോധശേഷി ലഭിക്കും.

**കാച്ചിയ മോര്**

മഞ്ഞൾ, ഇഞ്ചി, മാതളത്തോട്, കറിവേപ്പില, കുരുമുളക് എന്നിവ ചേർത്ത് മോര് കാച്ചിക്കുടിക്കുക. അതിസാരം, ഗ്യാസ് ട്രബിൾ എന്നിവയ്ക്ക് ഇത് പ്രത്യേകിച്ചും അനുയോജ്യമാണ്.



**രസം**

ചുക്ക്, കുരുമുളക്, മല്ലി, അയമോദകം, കായം, പുതിനയില, കുടകപ്പാലയരി എന്നിവ തുല്യമായി എടുത്ത് മഞ്ഞൾപൊടി, വെളുത്തുള്ളി, കുടംപുളി എന്നിവ ചേർത്ത് രസം തയ്യാറാക്കി ഭക്ഷണത്തോടൊപ്പം സേവിക്കുക.

**ആവി പിടിക്കുക**

അയമോദകവും തുളസിയിലയും ചേർത്തു തിളപ്പിച്ച് ആവി പിടിക്കുക. ഇവയെല്ലാം ദഹനവ്യവസ്ഥകളെ - പാകപരിണാമ പ്രക്രിയകളെ - ഉദ്ദീപിപ്പിക്കുന്ന അനുബന്ധാഹാരങ്ങളാണ്.

നമ്മുടെ അടുക്കളയാകട്ടെ നമ്മുടെ പ്രാഥമിക ചികിത്സാ കേന്ദ്രങ്ങൾ. നമ്മുടെ അമ്മമാരാകട്ടെ ഗാർഹിക വൈദ്യന്മാരും...

**ഡോ. സി. ഡൊണാറ്റ സി. എസ്. സി.** ചീഫ് കൺസൾട്ടന്റ്
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ
& റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board

Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul



നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ.
ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ.
യോഹ 14:1
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE